(എഫ്) ടെൽക്കിനെ പൊതുമേഖലയിൽ തന്നെ നിലനിർത്തിയുള്ള പുനരുദ്ധാരണത്തിനാണ് തീരുമാനിച്ചിരിക്കുന്നത്. സർക്കാർ അംഗീകരിച്ച പുനരുദ്ധാരണ പദ്ധതി പ്രകാരം ടെൽക്കിന്റെ 26 ശതമാനം മുതൽ 49 ശതമാനംവരെ ഓഹരികളാണ് വിൽപ്പന നടത്താൻ തീരുമാനിച്ചിരിക്കുന്നത്. ഇപ്പോൾത്തന്നെ ടെൽക്കിൽ സ്വകാര്യ പങ്കാളിത്തമുണ്ട്.

ജൈവ സാങ്കേതിക വിദ്യയിൽ കേരളത്തിന്റെ സാദ്ധ്യത

112 [2588] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ സാങ്കേതിക വിദ്യയിൽ കേരളത്തിന്റെ വ്യവസായ സാദ്ധ്യതകൾ സർക്കാർ പഠന വിധേയമാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ കേരളത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) കേരളത്തിലെ ജൈവവൈവിധ്യം പരമാവധി പ്രയോജനപ്പെടുത്തി ബയോടെക്നോളജി മേഖലയുടെ വികസനത്തിനും ഈ മേഖലയിൽ നിക്ഷേപം, തൊഴിൽ സാദ്ധ്യത എന്നിവ വർദ്ധിപ്പിക്കുന്നതിനും വേണ്ടി വ്യവസായ വകുപ്പിന്റെ കീഴിൽ ശ്രീ. രാജീവ് വാസുദേവനെ ബയോടെക്നോളജി സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

കേരളത്തിന്റെ തനതായ പച്ചമരുന്നുകളുടെയും സുഗന്ധ സസ്യങ്ങളുടെയും ശേഖരം എങ്ങിനെ പ്രയോജനപ്പെടുത്താമെന്നതിനെക്കുറിച്ച് സ്പെഷ്യൽ ഓഫീസർ വിവിധ വകുപ്പുകളും സ്ഥാപനങ്ങളുമായി ചർച്ചകൾ നടത്തിവരികയാണ്. ചർച്ചകളിൽനിന്നും ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു കർമ്മ പരിപാടി രൂപീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

കൂടാതെ, ബയോടെക്നോളജി അധിഷ്ഠിത വ്യവസായങ്ങൾ നടത്തുന്നതിനുവേണ്ടി കിൻഫ്രയുടെ കീഴിൽ തിരുവനന്തപുരത്തും കൊച്ചിയിലും ഓരോ ബയോടെക്നോളജി പാർക്ക് സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുവേണ്ടി തയ്യാറാക്കിയ പദ്ധതി കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

കേന്ദ്ര മുതൽമുടക്കോടെ ആരംഭിക്കുന്ന വ്യവസായങ്ങൾ

113 [2589] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യവസായ മേഖലയിൽ കേന്ദ്ര മുതൽമുടക്കോടെ എന്തെല്ലാം സംരംഭങ്ങളാണ് പുതുതായി ആരംഭിക്കുവാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly